**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 438** **21-03-2025 - ൽ മറുപടിയ്ക്ക്**

**കായിക സംഘടനകൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക സംഘടനകൾക്ക് ജില്ലാ-സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നതിനും ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന ടീമുകൾക്കുള്ള കോച്ചിംഗിനായും ഗ്രാന്റ് അനുവദിക്കാറുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും സംസ്ഥാന മത്സരങ്ങൾ നടത്തുന്നതിന് അസോസിയേഷനുകളുടെ ഗ്രേഡ് അനുസരിച്ച് അനുബന്ധം 1 പ്രകാരം തുകകൾ അനുവദിച്ച് നൽകുന്നുണ്ട്. അസോസിയേഷനുകൾ ഈ ഇനത്തിൽ ക്ലെയിമുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഗ്രാന്റ് അനുവദിച്ച് വരുന്നു.<br><br>നാഷണൽ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകൾക്ക് പരിശീലനത്തിനായി, എ ഗ്രേഡ് അസോസിയേഷനുകൾക്ക് അനുബന്ധം 2 പ്രകാരം പരിശീലന ക്യാമ്പ് നടത്തുന്നതിന് അർഹതയുണ്ട്.<br><br>പരിശീലനത്തിനായി പ്രതിദിനം 300 രൂപ ഭക്ഷണത്തിനും, 150 രൂപ താമസത്തിനും, മെഡിക്കൽ അലവൻസ് 100 രൂപയും, പരിശീലകർക്ക് ഹോണറേറിയമായി 300/- രൂപയും യാത്രാചിലവിന് അർഹമായ ഗ്രാന്റും അനുവദിച്ചു വരുന്നു. ദേശീയ മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത, ഭക്ഷണം, യൂണിഫോം അലവൻസ് ട്രാക്ക് സ്യൂട്ട് മെഡിക്കൽ അലവൻസ് എന്നിവയും ഗ്രാന്റായി അനുവദിച്ച് വരുന്നു. |
| (ബി) | ഇപ്രകാരം അനുവദിക്കുന്ന ഗ്രാന്റ് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടില്ല.<br><br>എന്നാൽ, കേരള ഒളിമ്പിക്സ് അസ്സോസിയേഷൻ സർക്കാരിൽ നിന്നും കൈപ്പറ്റിയ ഗ്രാന്റ് സംബന്ധിച്ച് സമർപ്പിച്ച വരവ്-ചിലവ് കണക്കിൽ സെക്രട്ടറിയേറ്റ് മാർച്ച് നടത്തിയതിന്റെ ചിലവ് കൂടി ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. കേരള ഹോക്കി അസോസിയേഷൻ ഗ്രാന്റ് കൈപ്പറ്റാറുണ്ടെങ്കിലും |

| | | | |
|---|---|---|---|
| | | | ഹോക്കിക്ക് ദേശീയ ഗെയിംസിനുള്ള യോഗ്യത നേടാൻ കഴിയാറില്ല. |
| (സി) | ഫണ്ടുകൾ അനുവദിക്കപ്പെടുന്ന ആവശ്യങ്ങൾക്കായിത്തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സ്പോർട്സ് കൗൺസിൽ വഴി അംഗീകാരമുള്ള അസോസിയേഷനുകൾക്ക് അവരുടെ ഗ്രേഡിംഗ് അനുസരിച്ച് ഗ്രാന്റ് നൽകി വരുന്നു. ഇതു മത്സര നടത്തിപ്പിനും, ദേശീയ മത്സരങ്ങളിൽ സംസ്ഥാന ടീമിനെ പങ്കെടുപ്പിക്കുന്നതിന് വിനിയോഗിക്കുന്നതിലേക്കുമായിട്ടാണ്. ടി തുക പ്രസ്തുത ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിയോഗിച്ച നിരീക്ഷകന്റെ നിരീക്ഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, അസോസിയേഷനുകൾ സമർപ്പിക്കുന്ന രേഖകളിലെ കായിക താരങ്ങളുടെ അറ്റൻഡൻസ് ഉൾപ്പെടെയുള്ള എല്ലാം വിവരങ്ങളും പരിശോധിച്ച് ഫണ്ടുകൾ അനുവദിക്കപ്പെടുന്ന ആവശ്യങ്ങൾക്കായി തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

**Grant-in-Aid Regulations-2013**

**SCHEDULE - VI**

**(Vide Clause 08(vii) of Chapter-VI)**

**GRANT ADMISSIBLE TO STATE ASSOCIATIONS FOR THE CONDUCT OF STATE**

**(INTER-DISTRICT)CHAMPIONSHIP**

| GRADE | SUB JUNIOR | JUNIOR | SENIOR |
|---|---|---|---|
| A | 50,000.00 | 60,000.00 | 70,000.00 |
| B | 40,000.00 | 50,000.00 | 60,000.00 |
| C | 30,000.00 | 35,000.00 | 40,000.00 |
| D | 20,000.00 | 20,000.00 | 20,000.00 |
| E | 15,000.00 | 15,000.00 | 15,000.00 |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 2

**Schedule - II**

**(Vide clause 9(VII) of Chapter-VI)**

**Number of days of Coaching Camp prior to participation in National/Zonal Championships**

| Sl. No | Disciplines | National | Zonal |
|---|---|---|---|
| 01 | A Grade Associations | 21 days | 10 days |
| 02 | B Grade Associations | 15 days | 10 days |
| 03 | C Grade Associations | 15 days | 10 days |
| 04 | D Grade Associations | 10 days | 10 days |
| 05 | E Grade Associations | 07 days | 07 days |

**സെക്ഷൻ ഓഫീസർ**